C1/317/2022-TC

1/98418/2022

Email 25/11/22

മോട്ടോർ വാഹന വകുപ്പ് , കേരളം
ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം
തീയതി 24-11-2022

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ് എല്ലാ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്- ഭിന്നശേഷിക്കാർക്ക് അവരുടെ വസതികളിൽ ലേണേഴ്സ് ടെസ്റ്റ് നടത്തുന്ന പദ്ധതി-പ്രാരംഭ പ്രവർത്തനം സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിക്കുന്നത്

സൂചന :- വാഹനീയം അവലോകന യോഗത്തിലെ നിർദ്ദേശം

ഭിന്നശേഷിക്കാർക്ക് ഇപ്പോൾ ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് നടത്തുന്നത് അതാത് ആർ.ടി/സബ് ആർ.ടി ഓഫീസുകളിലാണ്. ഇത് അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി വാഹനീയം അദാലത്തിൽ വെളിപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് അവരുടെ വസതികളിൽ ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് നടത്തേണ്ടതാണ്.

ഇതിനായി അപേക്ഷകൻ മെഡിക്കൽ സർട്ടിഫിക്കറ്റിനോടൊപ്പം മേൽവിലാസത്തിലെ വസതിയിൽ എത്തിച്ചേരാനുള്ള റോഡ് റൂട്ട് അടക്കം ഉദ്യോഗസ്ഥൻ വീട്ടിലെത്തിചേരാനുള്ള അഭ്യർത്ഥനയും ഇ മെയിൽ വിലാസവും കൂടെ അപ് ലോഡ് ചെയ്യേണ്ടതാണ്.

അപേക്ഷ പരിശോധിച്ച് അപേക്ഷകന്റെ വീട്ടിലെത്തിചേരുന്ന തീയതിയും സമയവും അപേക്ഷകനെ ഇ മെയിൽ മുഖേന അറിയിക്കേണ്ടതും അപേക്ഷകന്റെ വീട്ടിലെത്തി അസ്സൽ പ്രമാണങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് അപേക്ഷകന് ലേണേഴ്സ് പരീക്ഷ നടത്തേണ്ടതും തുടർ നടപടി കൈകോള്ളേണ്ടതുമാണ്.ഇതിനായി ഓഫീസ് മേധാവിയുടെ ലാപ്പ് ടോപ്പും സി യു ജി ഫോണിലെ വയർലെസ്സ് കണക്ടിവിറ്റിയും ഉപയോഗപ്പെടുത്താവുന്നതാണ്.

ഇപ്രകാരം പ്രാവർത്തികമാക്കിയതിന് ശേഷം പ്രവർത്തന റിപ്പോർട്ടും പ്രായോഗിക വൈഷമ്യങ്ങളും അതാത് ഡി.ടി.സി മാരേ അറിയിക്കേണ്ടതാണ്.ഡി.ടി.സി മാർ ടി റിപ്പോർട്ട് സമാഹരിച്ച് ക്രോഡീകരിച്ച് വിശകലനം നടത്തി വ്യക്തമായ അഭിപ്രായ കുറിപ്പോടെ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.ഇതിന്റെ അടിസ്ഥാനത്തിൽ പരിവാഹനിൽ ആവശ്യമായ ക്രമീകരണം വരുത്തി നടപടിക്രമങ്ങൾ പരിഷ്കരിക്കുന്നതായിരിക്കും.

Signed by
Pramoj Sanker P S
Date: 24-11-2022 18:43:56

വിശ്വസ്തതയോടെ

PRAMOJ SANKER P S
ADDITIONAL TRANSPORT COMMISSIONER

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം, ഒന്നാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14
ഫോൺ 0471-2333337/2333317 0471-2333314 വെബ്സൈറ്റ് www.mvd.kerala.gov.in ഇമെയിൽ tcoffice.mvd@kerala.gov.in